# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 931 — 30.11.2018-ൽ മറുപടിയ്ക്ക്.

## കോഴിക്കോട് മിൽമ ഡയറി പ്ലാന്റ് വിപുലീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മിൽമ ഡയറി പ്ലാന്റിന്റെ വിപുലീകരണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) മിൽമ മലബാർ മേഖലാ യൂണിയനു കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ഡയറിയുടെ മലിനജല ശുദ്ധീകരണ പ്ലാന്റിന്റെ വികസന പ്രവർത്തനങ്ങൾക്കായി കോഴിക്കോട് ജില്ലയിൽ പെരുവയൽ വില്ലേജിൽ ഡയറിയോട് ചേർന്ന് 16,17,27,28,29,31 സർവ്വേ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന 5.0485 ഏക്കർ സ്ഥലം നിയമപ്രകാരമുള്ള നെഗോഷ്യേറ്റഡ് പർച്ചേസ് രീതിയിൽ വാങ്ങുന്നതിന് മിൽമ മാനേജിംഗ് ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഈ ശുപാർശ പരിശോധിക്കുകയും ഗവൺമെന്റ് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഹൈലെവൽ കമ്മിറ്റിയുടെ 10.04.2018 തിയ്യതിയിൽ ചേർന്ന യോഗത്തിൽ ടി ഭൂമിയിലെ തണ്ണീർത്തടത്തിന്റെ സാന്നിധ്യം, പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റ് വിഹിതമായി അമിതമായി തുക നീക്കിവെച്ചിരിക്കുന്ന സാഹചര്യം എന്നീ കാരണങ്ങളാൽ പ്രസ്തുത പ്രൊപ്പോസൽ നിരാകരിക്കുകയുണ്ടായി. മേൽ പറഞ്ഞ പോരായ്മകൾ പരിഹരിച്ചുകൊണ്ടുള്ള പ്രപ്പോസൽ 02.11.2018ന് ചേർന്ന ഹൈലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വീണ്ടും സമർപ്പിക്കുകയും കോഴിക്കോട് ജില്ലയിൽ പെരുവയൽ വില്ലേജിൽ 16,17,27,28,29,31 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിട്ടുള്ള 2.04305 ഹെക്ടർ ഭൂമി (5.0485 ഏക്കർ ഭൂമി) 2013ലെ LARR ആക്ട് പ്രകാരം അക്വയർ ചെയ്ത് നൽകുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 13.11.2018-ാം തിയ്യതിയിലെ G.O.(Rt)No. 4703/2018/RD പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) D2/69/2016/DDD നമ്പർ ഫയലിൻമേൽ എടുത്ത നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ബി) D2/69/2016/DD എന്ന ഫയലിൽ കോഴിക്കോട് ഡയറിയുടെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള വിഷയമാണ് കൈകാര്യം ചെയ്തത്. മിൽമ കോഴിക്കോട് ഡയറിയുടെ വികസന പ്രവർത്തനങ്ങൾക്കായി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ പെരുവയൽ വില്ലേജിൽപ്പെട്ട 16, |

17, 27, 28, 29, 31 സർവ്വെ നമ്പറുകൾ പ്രകാരമുള്ള ഏകദേശം 5.0485 ഏക്കർ വിസ്തീർണ്ണമുള്ള ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് വഴി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി നിലവിലുള്ള 06.11.2014 ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1997/2014/AD പുതുക്കി ലഭ്യമാക്കുവാൻ മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

| | | |
|---|---|---|
| 1 | ഭൂമി ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യം | കോഴിക്കോട് ഡയറിയുടെ സംസ്കരണ ശേഷി 2 ലക്ഷമായി ഉയർത്തുന്നതിനും മലിന ജല സംസ്കരണ പ്ലാന്റിന്റെ വിപുലീകരണത്തിനും മിൽമയുടെ അനുബന്ധ കെട്ടിടങ്ങൾക്കുമായി |
| 2 | ജില്ല | കോഴിക്കോട് |
| 3 | താലൂക്ക് | കോഴിക്കോട് |
| 4 | വില്ലേജ് | പെരുവയൽ |
| 5 | സർവ്വേ നമ്പറുകൾ | 16, 17, 27, 28, 29, 31 |
| 6 | വിസ്തീർണ്ണം (ഉദ്ദേശം) | 5.0485 ഏക്കർ |
| 7 | ഫണ്ടിന്റെ ശീർഷകം | മലബാർ മേഖല യൂണിയൻ ഫണ്ട് |
| 8 | ഈ സാമ്പത്തിക വർഷം നീക്കി വച്ചിരിക്കുന്ന തുക | 10,00,00,000/- രൂപ |

സർക്കാർ ഇക്കാര്യം വിശദമായി D2/69/2016/DD എന്ന ഫയലിൽ പരിശോധിക്കുകയും മുകളിൽ പരാമർശിച്ച ഭേദഗതികളോടെ കോഴിക്കോട് ഡയറിയുടെ വികസനത്തിന്റെ ഭാഗമായി ഡയറിയോട് ചേർന്നുള്ള മാലിന്യ സംസ്കരണ പ്ലാന്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് 08.11.2017 ലെ സ.ഉ.(സാധാ) നം.130/2017/ഡിഡി ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഈ ഫയൽ തീർപ്പാക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**

Receipt No : 1541493/2017/AHD-OS



CM | MKTG | PR | MIS&S | P&M
PER | MRCMPU LTD | P&I
FIN | 10 NOV 2014 | QC
PA | Inward No. 10143 | LIB

# GOVERNMENT OF KERALA

Abstract

Agriculture (Dairy) Department - Project Proposal for Expansion of Effluent Treatment Plant of Milma, Kozhikkode Dairy at Peringolam, Kunnamangalam, Kozhikkode- Administrative Sanction accorded - Orders issued.

## AGRICULTURE (DAIRY) DEPARTMENT

G.O.(Rt.) No.1997/14/AD. Dated, Thiruvananthapuram, 06.11.2014

Read: 1. Lr.No.MRU:PP&P:KKD:ETP:2013-2014:1191 dtd.24.03.2014
2. Letter No.D1/6192/2014 dated 23.06.2014 from the Director, Dairy Development Department, Thiruvananthapuram.
3. Letter No.MRU:PP&P:LAND:2014-15 dated 06..10..2014 from the Managing Director, Malabar Regional Co-operative Milk Producers' Union Ltd.

## ORDER

As per letter read as 1st paper above, the Managing Director, Malabar Regional Co-operative Milk Producers' Union has submitted Project Proposal for the expansion of Effluent Treatment Plant of Milma, Kozhikkode Dairy at Peringolam, Kunnamangalam, Kozhikkode being implemented by Malabar Regional Co-operative Milk Producers' Union at a total estimate of Rs.5,46,75,000/- (Rupees Five Crore Forty Six Lakhs and Seventy Five Thousand Only). Out of the total cost, an amount of Rs.5 Crore is estimated for the purchase of land and Rs.46,75,000/- for the installation work for upgradation of Effluent Treatment Plant. As per letter read as 2nd paper above, the Director Dairy Development Department has recommended the Project proposal along with the proposal for acquisition of land to an extent of 5 acres adjacent to the Dairy, which had been recommended by Managing Director, Kerala Co-operative Milk Marketing Federation.

As per letter read as 3rd paper above, the Managing Director, Malabar Regional Co-operative Milk Producers' Union reported that MRCMPU has kept budget provision of Rs.5 crore for the expansion of Effluent Treatment Plant of Milma, Kozhikkode Dairy and they plan to meet the expenditure from the retained earnings and the share capital available and there will not be any financial liability for the State Government for the above project.

Government have examined the matter in detail and are pleased to accord administrative sanction for installation of the project for expansion of Effluent Treatment Plant of Milma, Kozhikkode Dairy at Peringolam, Kunnamangalam by acquisition of 5 acres of land adjoining to the dairy at a total estimated cost of Rs.5,46,75,000/- (Rupees Five Crores Forty Six Lakhs and Seventy Five Thousand Only) subject to the condition that there will not be any State share for implementation of the project.

(BY ORDER OF THE GOVERNOR)

Prasad.P.S
Joint Secretary to Government

To

The Director of Dairy Development Department, Thiruvananthapuram.
The Managing Director, Milma
The Managing Director, Malabar Regional Co-operative Milk Producers' Union Ltd. Peringolam, Kunnamangalam P.O., Kozhikode.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A & E), Kerala, Thiruvananthapuram.
Revenue Department (vide U.O.43628/B2/14/RD dtd. 02.09.2014)
Fin (AW.B) Department/Fin (Plg B) Department
Stock File/Office Copy.

Forwarded/By Order

Section Officer

File No.D2/69/2016-DD

Receipt No : 2003858/2017/DD

**കേരള സർക്കാർ**

## സംഗ്രഹം

കൃഷി (ക്ഷീരവികസന)വകുപ്പ് - കോഴിക്കോട് ഡയറിയുടെ വികസനത്തിന്റെ ഭാഗമായി ഡയറിയോടു ചേർന്നുള്ള മാലിന്യസംസ്കരണ പ്ലാന്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള 06.11.2014 തീയതിലെ സ.ഉ (സാധാ) നമ്പർ 1997/14/എഡി ഉത്തരവിൽ -ഭേദഗതി വരുത്തിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ക്ഷീരവികസന) വകുപ്പ്

സ.ഉ.(സാധാ)നമ്പർ 130/2017/ഡിഡി തിരുവനന്തപുരം, തീയതി.08/11/2017.

---

പരാമർശം 1. 06.11.2014 തീയതിയിലെ സ.ഉ. (സാധാ) 1997/2014/എഡി

2. മാനേജിംഗ് ഡയറക്ടർ മിൽമയുടെ 07.06.2016 തീയതിയിലെ 205/PC/PROJ/PLNG/2016/53 നമ്പർ കത്ത്.

3. മാനേജിംഗ് ഡയറക്ടർ മലബാർ മേഖലാ ക്ഷീരോല്പാദക സഹകരണ യൂണിയന്റെ 06.06.2017 തീയതിയിലെ .MRU:Engg:KKD: Land 2017 -18/192 കത്ത്.

## ഉത്തരവ്

കോഴിക്കോട് ഡയറിയുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഡയറിയോടു ചേർന്നുള്ള മാലിന്യസംസ്കരണ പ്ലാന്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി അഞ്ച് ഏക്കർ സ്ഥലം Rs. 5,46,75,000/- (അഞ്ച് കോടി നാല്പത്തിയാറ് ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപ ചെലവാക്കി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു . സർക്കാരിന് ഇതിൽ യാതൊരു സാമ്പത്തിക ബാധ്യത ഉണ്ടാകില്ലായെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു.

2)എന്നാൽ ഈ ഉത്തരവിൽ പുതിയ ലാൻഡ് അക്വസിഷൻ ആക്റ്റ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യം, ജില്ല, താലൂക്ക്, വില്ലേജ്, സർവ്വേ നമ്പറുകൾ, വിസ്തീർണ്ണം ( ഉദ്ദേശം) , പദ്ധതിയ്ക്കു വേണ്ടിയുള്ള ഫണ്ട് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടില്ലായെന്നും അതു കൂടി ഉൾപ്പെടുത്തണമെന്നും മാനേജിംഗ് ഡയറക്ടർ, മലബാർ മേഖലാ ക്ഷീരോല്പാദക യൂണിയൻ പരാമർശം (3) പ്രകാരം അറിയിച്ചിരിക്കുന്നു. ഇതു പ്രകാരം മിൽമ കോഴിക്കോട് ഡയറിയുടെ സംസ്കരണ ശേഷി രണ്ട് ലക്ഷമായി ഉയർത്തുന്നതിനും മലിനജല സംസ്കരണ പ്ലാന്റിന്റെ വിപുലീകരണത്തിനും മിൽമയുടെ അനുബന്ധ കെട്ടിടങ്ങൾക്കുമായി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ പെരുവയൽ വില്ലേജിൽ ഉൾപ്പെട്ട 16,17,27,28,29,31 സർവ്വേ നമ്പറുകൾ പ്രകാരമുള്ള ഏകദേശം 5.0485 ഏക്കർ വിസ്തീർണമുള്ള ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് വഴി ഏറ്റെടുക്കുന്നതിനും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിലേയ്ക്കുള്ള തുകയായി ഈ സാമ്പത്തിക വർഷം നീക്കി വച്ചിരിക്കുന്നത് 10,00,00,000/- (പത്ത് കോടി രൂപ മാത്രം) രൂപയാണെന്നും മലബാർ മേഖലാ യൂണിയനാണ് ഇത് വഹിക്കുന്നത് എന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത വിവരങ്ങൾ കൂടി ചേർത്ത് നിലവിലുള്ള പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്നതിനു വേണ്ടി മാനേജിംഗ് ഡയറക്ടർ ,മലബാർ മേഖല യൂണിയൻ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

(....മറുപുറം)

Scanned by CamScanner

-2-

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു, ആയതിന്റെ അടിസ്ഥാനത്തിൽ മിൽമ കോഴിക്കോട് ഡയറിയുടെ സംസ്കരണ ശേഷി രണ്ട് ലക്ഷമായി ഉയർത്തുന്നതിനും മലിനജല സംസ്കരണ പ്ലാന്റിന്റെ വിപുലീകരണത്തിനും മിൽമയുടെ അനുബന്ധ കെട്ടിടങ്ങൾക്കുമായി കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിലെ പെരുവയൽ വില്ലേജിൽ ഉൾപ്പെട്ട 16,17,27,28,29,31 സർവ്വേ നമ്പറുകൾ പ്രകാരമുള്ള ഏകദേശം 5.0485 ഏക്കർ വിസ് തീർണമുള്ള ഭൂമി പ്രസ്തുത ആവശ്യത്തിനായി നെഗോഷിയേറ്റഡ് പർച്ചേസ് വഴി മലബാർ മേഖലാ യൂണിയന്റെ തനത് ഫണ്ടിൽ നിന്നും 10,00,00,000/- (പത്ത് കോടി രൂപ മാത്രം) ചെലവഴിച്ച് ഏറ്റെടുക്കുന്നതിനുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയും ഇപ്രകാരം ഏറ്റെടുക്കുമ്പോൾ നെഗോഷിയേറ്റഡ് പർച്ചേസിനുള്ള നിലവിലെ ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, ഉത്തരവുകൾ പാലിക്കണമെന്നും ഏറ്റെടുക്കുന്ന സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന പ്രദേശം നിലമോ, തണ്ണീർത്തടമോ ആണെങ്കിൽ ഇവയുടെ പാരിസ്ഥിതിക അവസ്ഥ നിർബന്ധമായും സംരക്ഷിച്ചുകൊണ്ടും അതോടൊപ്പം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾ, നിലം നികത്തലുമായി ബന്ധപ്പെട്ട നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ കർശനമായി പാലിച്ചുകൊണ്ട് ഭൂമി ഇടപാട് നടത്തണമെന്നുള്ള ഉപാധികളോടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
അനിൽ.എക്സ്
സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ,മിൽമ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
റവന്യൂ (ബി) വകുപ്പ്
(24/07/2017 തീയതിയിലെ റവന്യൂ ബി2/402/2017/റവന്യൂവിന്റെ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
~~കരുതൽ ഫയൽ~~/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

Scanned by CamScanner

**File No.REV-B2/391/2018-REV**

**GOVERNMENT OF KERALA**

**Abstract**

Revenue Department – Acquisition of an extent of 2.04305 Hectares of land in Peruvayal Village of Kozhikode Taluk for the expansion of Waste Water Treatment plant of Kozhikode Dairy - Sanction accorded - Orders issued

**REVENUE (B) DEPARTMENT**

**G.O.(Rt)No.4703/2018/RD** Dated,Thiruvananthapuram, 13/11/2018

Read 1. G.O (Ms)No 182/2012/RD dated 03/05/2012

2. G.O(P) No 470/2015/RD dated 19/09/2015

3. G.O (Ms) No 485/2015/RD dated 23/09/2015
4. Letter No 205/PC-PROJ-PLNG/2018/9380 dated 21/05/2018 from the Managing Director, Kerala Co-operative Milk Marketing Federation Limited
5. Minutes of the High Level Committee meeting held on 02-11-2018

**ORDER**

The Managing Director, Kerala Co-operative Milk Marketing Federation Limited as per letter read as 4th paper above has requested sanction for the acquisition of a total extent of 2.04305 Hectares of land in Peruvayal village of Kozhikode Taluk for the expansion of Waste Water Treatment plant of Kozhikode Dairy as detailed below. The High Level Committee meeting held on 02/11/2018 has approved the proposal.

| Village | Taluk | Survey No. | Extent |
|---|---|---|---|
| Peruvayal | Kozhikode | 16, 17, 27, 28, 29, 31 | 2.04305 Hectares |

2. Government have examined the matter and are pleased to accord sanction to the District Collector, to acquire an extent of 2.04305 Hectares of land in Peruayal Village of Kozhikode Taluk for the expansion of Waste Water Treatment plant of Kozhikode Dairy by invoking the provisions contained in LARR Act as mentioned above.

3. The District Collector is to resort to acquire land by invoking the provisions contained in LARR Act, 2013. The District Collector can have a negotiation wherever necessary by invoking Section 108 as per the State Policy issued in this regard strictly following due procedures contemplated in the State Policy on condition that the Requisitioning Authority provides sufficient fund under the disposal of concerned Land Acquisition Officer. The District Collector will ensure that approval under extant Acts & Rules viz., Conservation of Paddy and Wet land Act, Coastal Zone Regulation Act and Environment Act, whichever are applicable to the proposal in this case are obtained by the Requisitioning Authority before proceeding with land acquisition. The land value is to be fixed as per extant procedures. The District Level Fair compensation, rehabilitation and resettlement Committee (DLFC) will conduct negotiations with the land owners and would reach consensus with them regarding land value and furnish proposals to be placed before the State Level Empowered Committee (SLEC)

(By order of the Governor)
**MADHU K**
**ADDITIONAL SECRETARY**

To:

**File No.REV-B2/391/2018-REV**

The Commissioner of Land Revenue, Thiruvananthapuram.
The District Collector, Kozhikode
The Accountant General (A&E/Audit) Kerala, Thiruvananthapuram.
The Dairy Department.
The I&PR (W & NM) Department.
Stock File/Office copy.

Copy to : PS to Minister (Revenue)
PA to Additional Chief Secretary (Revenue & DM)
CA to Additional Secretary (Revenue)

Forwarded /By order

Signature valid
Section Officer

Digitally signed by [illegible]INU VARGHESE
Date: 2[illegible] 1[illegible] 16:50:25 IST
Reason: Approved

സെക്ഷൻ ഓഫീസർ